പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3494</u> <u>25.06.2012 ൽ മറുപടിക്ക്</u>

<u>പോലീസ് ഉദ്യോഗസ്ഥരിലെ ക്രിമിനലുകളുടെ ലിസ്റ്റ്</u>

| <u>ചോദ്യം</u><br>ശ്രീ. പി. തിലോത്തമൻ | | <u>മറുപടി</u><br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
|---|---|---|---|
| (എ) | പോലീസ് ഉദ്യോഗസ്ഥരിലെ ക്രിമിനലുകളുടെ ലിസ്റ്റ് തയ്യാറാക്കി കോടതിക്ക് സമർപ്പിച്ചിട്ടുള്ളത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | WP (C) No. 11777/2011 നമ്പർ കേസിലെ 08.08.2011 തീയതിയിലെ ബഹു. ഹൈക്കോടതി ഉത്തരവിലെ നിർദ്ദേശ പ്രകാരം ക്രിമിനൽ കേസുകളിൽ പ്രതിയാക്കപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ (01.07.2011 വരെയുള്ളത്) ലിസ്റ്റാണ് ഹൈക്കോടതിക്ക് സമർപ്പിച്ചത്. നിലവിൽ അന്വേഷണം നടന്നു വരുന്നതും കോടതിയിൽ വിചാരണയിൽ ഉള്ളതുമായി കേസുകളിൽ പ്രതിസ്ഥാനത്തുള്ളവരുടെ പേരുവിവരങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (ബി) | കോടതിക്ക് സമർപ്പിച്ച പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടിയിരുന്നിട്ടും മന:പൂർവ്വം ഒഴിവാക്കപ്പെട്ട ആരെങ്കിലും ഉണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | മനഃപൂർവ്വം ആരെയും ഒഴിവാക്കിയിട്ടില്ല. |
| (സി) | നിലവിലുള്ള പോലീസ് ഉദ്യോഗസ്ഥരിൽ ക്രിമിനൽ കേസിൽ ശിക്ഷിക്കപ്പെട്ടവർ, ക്രിമിനൽ കേസിൽ പ്രതികളാക്കപ്പെട്ടവർ, പൊതുജനങ്ങളുടെ പരാതിയുടെ അടിസ്ഥാനത്തിൽ കുറ്റവാളികൾ എന്നു കാണുന്നവർ, പോലീസിന്റെ സൂക്ഷ്മ നിരീക്ഷണത്തിൽ കുഴപ്പക്കാരാണെന്ന് കാണുന്നവർ എന്നിങ്ങനെ വേർതിരിച്ച് തയ്യാറാക്കിയ ഒരു ലിസ്റ്റ് ലഭ്യമാക്കുമോ? | (സി) | ക്രിമിനൽ കേസിൽ ശിക്ഷിക്കപ്പെട്ടവർ- 10, ക്രിമിനൽ കേസിൽ പ്രതികളാക്കപ്പെട്ടവർ - 668, പൊതുജനങ്ങളുടെ പരാതിയുടെ അടിസ്ഥാനത്തിൽ കുറ്റവാളികൾ എന്നു കാണുന്നവർ -184, പോലീസിന്റെ സൂക്ഷ്മ നിരീക്ഷണത്തിൽ ഉള്ളവർ - 6. ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

| Sl No | District | Convicted persons | Accused persons | Accused persons based on public complaint | Persons on police close watch |
|---|---|---|---|---|---|
| 1 | Thruvananthapuram City | | 118 | 111 | 5 |
| 2 | Thiruvananthapuram Rural | | 105 | | |
| 3 | Kollam City | | 45 | 17 | |
| 4 | Kollam Rural | | 14 | | |
| 5 | Pathanamthitta | | 34 | | 1 |
| 6 | Alappuzha | | 79 | | |
| 7 | Kottayam | 3 | 73 | 30 | |
| 8 | Idukki | | 14 | | |
| 9 | Ernakulam City | | 16 | | |
| 10 | Ernakulam Rural | | 23 | | |
| 11 | Trissur City | | 28 | 1 | |
| 12 | Trissur Rural | 1 | 18 | | |
| 13 | Palakkad | 2 | 24 | 17 | |
| 14 | Malappuram | 1 | 14 | | |
| 15 | Kozhikkod City | | 9 | | |
| 16 | Kozhikkode Rural | | 8 | | |
| 17 | Wayanad | 3 | 14 | 8 | |
| 18 | Kannur | | 20 | 0 | 0 |
| 19 | Kasaragod | | 14 | | |
| 20 | Railways | | 2 | | |
| | **TOTAL** | 10 | 672 (*) | 184 | 6 |

(*) കുറിപ്പ്-APSI Hashim എന്നയാൾക്ക് തിരുവനന്തപുരം സിറ്റി, തിരുവനന്തപുരം റൂറൽ ,ആലപ്പുഴ, ജില്ലകളിൽ കേസുള്ളതിനാൽ ടി മൂന്ന് ജില്ലകളിലും ടിയാൻെറ പേര് ഉൾപ്പെട്ടിട്ടുണ്ട്.ഡ്രൈവർ Hc 3121 നാസറുദീന് തിരുവനന്തപുരം സിറ്റി, തിരുവനന്തപുരം റൂറൽ ജില്ലകളിലും ,SI രാജൻ കെ അരമന എന്നയാൾക്ക് ആലപ്പുഴ, കോട്ടയം ജില്ലകളിലും കേസുള്ളതിനാൽ ടി ജില്ലകളിൽ ഇവരെ ഉൾപ്പെടുത്തിയിട്ടുണ്ട് (ആകെ നാല് പേർ കൂടുതൽ. 672-4= 668 )

സെക്ഷൻ ഓഫീസർ